LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകളുടെ വൃദ്ധസദനങ്ങൾക്കുള്ള ഗ്രാന്റ് കുടിശ്ശിക

301 (1674) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ എണ്ണമെത്രയാണെന്ന് അറിയിക്കാമോ ;

(ബി) ഇവ ഓരോന്നിനും നൽകിവരുന്ന ഗ്രാന്റിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) ഗ്രാന്റ് വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഗ്രാന്റ് വിതരണത്തിലെ കുടിശ്ശിക എന്ന് തീർക്കാൻ കഴിയുമെന്ന റിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ നടത്തുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) കുടിശ്ശിക ഉണ്ട്. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ലഭ്യമാകുന്നമുറയ്ക്ക് ഗ്രാന്റ് കുടിശ്ശിക നൽകുന്നതാണ്.

സാമൂഹ്യസുരക്ഷയ്ക്കും ക്ഷേമത്തിനും വകയിരുത്തിയ തുക

302 (1675) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നത് ;

(ബി) അതിൽ ഓരോ മേഖലയ്ക്കും എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയ്ക്കായി തുക മാറ്റി വച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും പോഷകാഹാര മേഖലയ്ക്കുമായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക (ഉപധനാഭ്യർത്ഥനയും അധികധന സഹായവുമുൾപ്പെടെ) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

മേഖല	അനുവദിച്ച തുക (കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)
സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും	835.5	822.42
പോഷകാഹാരം	541.92	379.39

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത മേഖലയ്ക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

മേഖല	അനുവദിച്ച തുക (കോടിയിൽ)
സാമൂഹിക സുരക്ഷയ്ക്കും ക്ഷേമത്തിനും	832.18
പോഷകാഹാരം	554.94

സ്കൂൾ കൗൺസിലർമാരുടെ സേവന - വേതന വ്യവസ്ഥകൾ

303 (T1676) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദ മാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിലെ സ്കൂൾ കൗൺസിലർമാരുടെ സേവന -വേതന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു